"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ - ശ്രീമതി ദീപ എസ്., നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.744/2024/AGRI തീയതി,തിരുവനന്തപുരം, 07-08-2024

---

പരാമർശം:- 1. സ.ഉ.(സാധാ) 340/2024/കൃഷി തീയതി 06/04/2024.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 08.06.2024 ലെ ADFW/6521/2024- SB2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തുവരവേ അവധിയിൽ പ്രവേശിച്ച ശ്രീമതി ദീപ എസ്. അവധിക്കുശേഷം 01/04/2024 ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടിയാൾക്ക് അസിസ്റ്റന്റ് ഡയറക്ടർ, SHM, തിരുവനന്തപുരം തസ്തികയിൽ പരാമർശം (1) പ്രകാരം നിയമനം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ദീപ എസ്. 08/04/2024 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിക്കുകയുണ്ടായിയെന്നും ഈ കാലയളവിൽ വകുപ്പിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവ് നികത്തപ്പെടാതെ നിലവിലുണ്ടായിരുന്നുവെന്നും ടിയാൾ നിയമനത്തിനായി കാത്തിരുന്ന 01/04/2024 മുതൽ 07/04/2024 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി ദീപ എസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, നിയമനത്തിനായി കാത്ത് നിന്ന 01/04/2024 മുതൽ 07/04/2024 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ശ്രീമതി.ദീപ.എസ് (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/128/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ